# Malayala Manorama

## 17 August 2018

## Malappuram, Kondotti, Landslide



# 9 പേർ മണ്ണിടിഞ്ഞു മരിച്ചത് അയൽപക്കത്തെ കോഴിക്കൂട് മാറ്റിവയ്ക്കുന്നതിനിടെ

കൊണ്ടോട്ടി (മലപ്പുറം) ● പെരിങ്ങാവിൽ വീടിനു മുകളിൽ മണ്ണിടിഞ്ഞുവീണു മരിച്ചത് അയൽവാസിയുടെ കോഴിക്കൂട് സുരക്ഷിത സ്ഥാനത്തേക്കു മാറ്റാൻ പോയവർ. അയൽവാസികളും ബന്ധുക്കളും ഉൾപ്പെടെ ഒൻപതു പേരാണു മരിച്ചത്.

വീടിനു പിന്നിൽ ചെറുതായി മണ്ണ് അടർന്നു വീഴുന്നുണ്ടെന്നു സംശയമുണ്ടെന്നും, കനത്ത മഴ കോഴികൾക്കു പ്രയാസമുണ്ടാക്കുമെന്നും ഗൃഹനാഥൻ, ബന്ധുവായ അയൽവാസിയെ വിളിച്ച് അറിയിക്കുകയായിരുന്നു.

അദ്ദേഹവും മറ്റ് അയൽവാസികളുംകൂടി കോഴിക്കൂട് മാറ്റിത്തുടങ്ങിയ ഉടൻ വീടിനു പിൻവശത്തെ കുന്നിടിഞ്ഞു. എല്ലാവരും സംഭവസ്ഥലത്തുതന്നെ മരിച്ചതായാണു നിഗമനം. എട്ടുവയസ്സുകാരൻ ഉൾപ്പെടെ രണ്ടുപേർ രക്ഷപ്പെട്ടു.

അപകടസ്ഥലത്തു കുതിച്ചെത്തിയ രക്ഷാപ്രവർത്തകരും അഗ്നിശമനസേനയും വീടിനകത്ത് ആളുകളുണ്ടെന്ന ധാരണയിൽ തിരച്ചിൽ തുടങ്ങി. തകർന്ന വീടിന്റെ ഉമ്മറത്തു കുടുങ്ങിയയാളെ രക്ഷപ്പെടുത്തി ആശുപത്രിയിലേക്കു കുതിക്കുമ്പോഴാണ്, വീടിന്റെ അകത്തു തിരയേണ്ടെന്നും വീട്ടുകാർ ആരും പെട്ടില്ലെന്നും അറിയിക്കുന്നത്.